☎: General: 0471- 2312910, 2318153, 2318154, 2318155 Chairman: 2318150 Member Secretary: 2318151
e-mail: chn.kspcb@gov.in; ms.kspcb@gov.in FAX: 2318152 web: www.kspcb.kerala.gov.in
KERALA STATE POLLUTION CONTROL BOARD
കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
Pattom P.O., Thiruvananthapuram – 695 004
പട്ടം പി.ഒ., തിരുവനന്തപുരം – 695 004

# മലിനീകരണ നിയന്ത്രണ ബോർഡ് പുരസ്കാരങ്ങൾ 2024–

# അപേക്ഷകൾ ക്ഷണിക്കുന്നു.

മലിനീകരണ നിയന്ത്രണ പ്രവർത്തനരംഗത്ത് മികച്ച പ്രകടനം കാഴ്ചവെച്ചതിന് തിരഞ്ഞെടുത്ത മേഖലകൾക്ക് കീഴിലുള്ള യൂണിറ്റുകൾക്ക് മലിനീകരണ നിയന്ത്രണ അവാർഡ് നൽകുന്നത് തുടരാൻ തീരുമാനിച്ചു. മലിനീകരണ നിയന്ത്രണം, പരിസ്ഥിതി സംരക്ഷണം, മിഷൻ ലൈഫ് ലക്ഷ്യങ്ങൾ നേടിയെടുക്കൽ എന്നീ മേഖലകളിൽ മികവ് പുലർത്താനുള്ള മനോഭാവം സ്ഥാപനങ്ങൾക്കിടയിൽ സൃഷ്ടിക്കുന്നതിനാണ് അവാർഡ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും), സർക്കാർ, സ്വകാര്യ ആരോഗ്യ പരിപാലന കേന്ദ്രങ്ങൾ (250–499 കിടക്കകൾ; 500–ഉം അതിനു മുകളിലുള്ള കിടക്കകളും), മാലിന്യ പുനരുപയോഗ യൂണിറ്റുകൾ എന്നീ മൂന്ന് മേഖലകളിൽ ഈ വർഷത്തെ അവാർഡുകൾ നൽകാനും തീരുമാനിച്ചു. ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മമായി അവലോകനം ചെയ്ത് ഷോർട്ട്ലിസ്റ്റ് ചെയ്ത യൂണിറ്റുകളിൽ പരിശോധന നടത്തി ഇതിനായി രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി അവാർഡ് ജേതാക്കളെ തിരഞ്ഞെടുക്കുന്നതാണ്. ട്രോഫിയും സർട്ടിഫിക്കറ്റും അടങ്ങുന്നതാണ് അവാർഡ്, 2024ലെ ലോക പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ചുള്ള ചടങ്ങിൽ വിതരണം ചെയ്യും.

അപേക്ഷ ഫോറം ബോർഡിന്റെ വെബ്സൈറ്റ് **kspcb.kerala.gov.in** ൽ 20.03.2024 മുതൽ ലഭ്യമാകുന്നതാണ്. അപേക്ഷകൾ സമർപ്പിക്കാൻ താല്പര്യമുള്ളവർ മുകളിൽ പറയുന്ന വെബ്സൈറ്റിൽ അപേക്ഷ ഫോറം പൂരിപ്പിച്ച് ഓൺലൈനായി തന്നെ സമർപ്പിക്കാവുന്നതാണ്. വിശദ വിവരങ്ങൾ ഈ സൈറ്റിൽ തന്നെ ലഭ്യമാണ്.

പ്ലാമൂട്

ചെയർപേഴ്സൺ

15/03/2024